₹ 5/-

# റിയൽ ലൈഫ് വോയ്സ്

## REAL LIFE VOICE

Monthly

Volume 12
Issue 8

**February 2024**

pages 24

“ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായത് മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ. പ്രിയമുള്ളവരേ നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടം കൊടുപ്പിൻ. പ്രതികാരം എനിക്കുള്ളത്, ഞാൻ പ്രതികാരം ചെയ്യും എന്നു കർത്താവ് അരുളിച്ചെയ്യുന്നു” **(റോമർ 12:17–19)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

Volume 12 Issue 7 February 2024 pages 24 Rs.5/



**Email:** reallifekottekad@gmail.com

**Website:** www.reallifevoice.in


*Real Life Voice is a Christian magazine*
*dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 146**

## ഉള്ളടക്കം


| | പേജ് |
|---|---|
| • പരാജയമോ? | 3 |
| • പ്രതികരണങ്ങൾ | 6 |
| • നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ (4) | 7 |
| • ആസ്യയിലെ ഏഴ് സഭകൾ (1) | 11 |
| • ഹബക്കൂക് (24) | 14 |
| • പരസ്യയോഗങ്ങൾ | 17 |
| • ഓർമ്മകൾ (38) | 19 |
| • തട്ടും തലോടലും (2) | 22 |
| • ദത്തുപുത്രിയെ വേണ്ട | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

# എഡിറ്റോറിയൽ



## പരാജയമോ...?

ലോകപരാജയം എന്നു ചിലരെ വിശേഷിപ്പിച്ചുകേട്ടിട്ടുണ്ട്. ഇക്കൂട്ടർ ചെയ്യുന്ന കാര്യങ്ങളെല്ലാം പരാജയത്തിലേ കലാശിക്കൂ. കച്ചവടം തുടങ്ങിയാൽ അത് പൊളിയും; പരീക്ഷ എഴുതിയാൽ അതിൽ ജയിക്കില്ല; വണ്ടി ഓടിച്ചാൽ അപകടത്തിൽ പെടും; ഏതെങ്കിലും കാര്യങ്ങൾ എത്ര ഭംഗിയായി അവതരിപ്പിച്ചാലും ഒരു അനുമോദനം ലഭിക്കില്ല (കാരണം അത് മറ്റുള്ളവർക്ക് അത്ര ഭംഗിയായി തോന്നിയില്ല). എന്തൊരു വിധിയാണിത് എന്നു കരുതി നെടുവീർപ്പിടുന്ന ധാരാളം ആളുകൾ നമ്മുടെയിടയിലുണ്ട്. ഒരു പക്ഷേ നിങ്ങളും അക്കൂട്ടത്തിലെ ഒരാളാകാം.

എന്റെ അനുഭവം പറയാം. എനിക്കെതിരായി നിൽക്കാൻ എപ്പോഴും ആരെങ്കിലുമൊക്കെ ഉണ്ടാകും. മുന്നോട്ടുള്ള, സ്വാഭാവികവും സ്വതന്ത്രവുമായ ഒഴുക്ക് പലപ്പോഴും തടസ്സപ്പെടുന്ന ഒരു അനുഭവം. "സെബാസ്റ്റ്യൻ വേണ്ട" എന്ന് എത്രയോ പേർ പറഞ്ഞിരിക്കുന്നതായി എനിക്ക് വ്യക്തമായി അറിയാം. ഇത്തരം അവഗണനകളെ പുച്ഛിച്ചുതള്ളാനല്ല, പുഞ്ചിരിയോടെ തള്ളാനാണ് നമുക്ക് കഴിയേണ്ടത്; അതിനായി നാം പരിശീലിക്കണം. "സെബാസ്റ്റ്യൻ വേണ്ട" എന്ന് ദൈവം പറഞ്ഞാലേ ഞാൻ തളർന്നുപോവുകയുള്ളൂ. അങ്ങനെയൊന്നു സംഭവിക്കാനും പോകുന്നില്ലല്ലോ.

പ്രിയരേ, നിങ്ങൾ ഒരു പരാജയമാണെന്നു മറ്റുള്ളവർ പറഞ്ഞുവെന്നു വരാം. പക്ഷേ നിങ്ങൾ സ്വയം അങ്ങനെ പറയരുത്. കാരണം, നിങ്ങൾ ഒരു ദൈവപൈതലാണെങ്കിൽ നിങ്ങളൊരു പരാജയമല്ല. ജീവനുള്ള ദൈവത്തെ മനസ്സിലാക്കാൻ കഴിഞ്ഞതും കർത്താവിന്റെ കുരിശിലെ യാഗത്തെ അംഗീകരിക്കാൻ കഴിഞ്ഞതും വലിയൊരു ഭാഗ്യമാണ്. ഈ നിലയിൽ ദൈവകൃപ ആസ്വദിക്കാൻ കഴിഞ്ഞിട്ടുള്ള ആരെയും ജീവിതത്തിൽ തോറ്റവരായി കണക്കാക്കാൻ കഴിയില്ല.

അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന 'തോൽവികൾ' എന്നു വിശേഷിപ്പിക്കപ്പെടുന്ന സംഭവങ്ങൾ വാസ്തവത്തിൽ തോൽവികളല്ല, പല നിലകളിലുള്ള വിജയങ്ങളുടെ മേഘലകളിലേക്കുള്ള ചവിട്ടുപടികളാണ്. അത് നാം തിരിച്ചറിയണം. എവിടെയാണോ തോറ്റുപോയത്, ആ മേഘലയിൽ നാം

അപ്പോൾ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും ആ യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടു പോവുകയും വേണം. അല്ലാതെ അതോർത്ത് ദുഃഖിച്ച് നിരാശപ്പെട്ട് ഇരുന്നാൽ, നാം തോറ്റുപോവും – അതെ, അപ്പോൾ മാത്രമാണ് നാം പരാജയമാകുന്നത്.

ലൂക്കൊസ് 16 ൽ പറയുന്ന ധനവാന്റെയും ലാസറിന്റെയും ഭൗതിക സാഹചര്യങ്ങളെ നമുക്ക് ഒന്ന് താരതമ്യം ചെയ്തുനോക്കാം:

| സാഹചര്യം | ധനവാൻ | ലാസർ |
|---|---|---|
| ആരോഗ്യം | ഉണ്ട് | ഇല്ല |
| സമ്പത്ത് | ഉണ്ട് | ഇല്ല |
| വീട് | ഉണ്ട് | ഇല്ല |
| ബന്ധുക്കൾ | ഉണ്ട് | ഇല്ല |
| കൂട്ടുകാർ | ഉണ്ട് | ഇല്ല |
| ഭക്ഷണം | ഉണ്ട് | വല്ലവരും തിന്ന് ബാക്കി വന്നത് കഴിക്കുന്നു. |
| ചികിത്സ | ആവശ്യമുള്ളപ്പോഴെല്ലാം ലഭിക്കും | നായ്ക്കൾ വ്രണം നക്കുന്നു. അങ്ങനെ ലഭിക്കുന്ന ആശ്വാസം മാത്രം. |
| വസ്ത്രം | ധൂമ്രവസ്ത്രം, പട്ട് | പരിമിതമായ വസ്ത്രം |

മുകളിൽ കൊടുത്തിരിക്കുന്ന താരതമ്യം നോക്കുക. എല്ലാ നിലയിലും പരാജയപ്പെട്ടവനാണ് ലാസർ. ഇത്രയും കാലം ഈ ഭൂമിയിൽ ജീവിച്ചിട്ടും ഈ പട്ടികളെയല്ലാതെ ഒരു മനുഷ്യനായ കൂട്ടുകാരനെങ്കിലും ഇല്ലാത്ത ലാസർ സമ്പൂർണ്ണപരാജയമല്ലാതെ മറ്റെന്താണ്? ഏതു വീക്ഷണകോണിലൂടെ നോക്കിയാലും ലാസർ പരാജയപ്പെട്ടവനാണ്. പക്ഷേ ധനവാൻ ജീവിതത്തിൽ വിജയിച്ചവനും ലാസർ ജീവിതത്തിൽ തോറ്റുപോയവനും എന്നു വിധിയെഴുതിയവർക്ക് തെറ്റി – വാസ്തവത്തിൽ അവിടെ പരാജയപ്പെട്ടത് ലാസറല്ല, ധനവാനായിരുന്നു.

അബ്രാഹാം ധനവാനോടു പറയുന്ന വാക്കുകൾ ശ്രദ്ധിച്ചാൽ രണ്ടു കാര്യങ്ങൾ നമുക്ക് ലാസറിനോടുള്ള ബന്ധത്തിൽ മനസ്സിലാക്കാം:

ഒന്ന്: ലാസർ തന്റെ ആയുസ്സിൽ തിന്മയാണ് അനുഭവിച്ചത് (ലൂക്കൊസ് 16:25). മറ്റുള്ളവരിൽനിന്നുള്ള മോശമായ പെരുമാറ്റം, ചതി, അവഗണന എന്നിവയെല്ലാം അവൻ അനുഭവിച്ചു. രണ്ട്: ലാസർ തന്റെ ആയുസ്സിൽ വേദന അനുഭവിച്ചു (16:25). ശാരീരികമായും മാനസികമായും വളരെയധികം വേദന അവൻ അനുഭവിച്ചിരുന്നു എന്നു വ്യക്തം. പ്രിയ വിശ്വാസി, താങ്കൾ പലരാൽ, പല കാരണങ്ങളാൽ, വേദന അനുഭവിക്കുന്ന വ്യക്തിയാണെങ്കിൽ, താങ്കൾക്ക് ആശ്വസിക്കാനുള്ള നാളുകൾ ദൈവം ഒരുക്കിയിട്ടുണ്ട് എന്ന കാര്യം തിരിച്ചറിയുക.

ലാസറായിരുന്നു യഥാർത്ഥ വിജയി. ധനവാനായിരുന്നു ലോകപരാജയം. ധനവാന് എല്ലാമുണ്ടായിരുന്നു, പക്ഷേ ദൈവവും തിരുവെഴുത്തുകളും ഉണ്ടായിരുന്നില്ല. ലാസറിന് ഒന്നുമുണ്ടായിരുന്നില്ല. പക്ഷേ അവൻ തന്റെ ഭക്തി മുറുകെപ്പിടിച്ചു. കടുത്ത വേദനയിലും അവൻ തന്റെ ദൈവത്തിൽ ചാരി ആശ്വസിച്ചു. ഓരോ ദിവസവും കഷ്ടതയുടെയും വേദനയുടെയും നടുവിലൂടെ ദൈവം അവനെ മന്ദമായി നടത്തുന്നത് അവൻ തിരിച്ചറിഞ്ഞു. വീട്ടിൽ ഓമനിച്ചുവളർത്തുന്ന നായയുടെ പക്കൽനിന്നും ഉടമസ്ഥന് ചിലപ്പോൾ കടി കിട്ടാറുണ്ട്. പക്ഷേ ആ തെരുവ് നായ്ക്കൾ തന്നെ തെല്ലും ഉപദ്രവിച്ചില്ല. നായ്ക്കളുടെ കടിയേൽക്കാതെയും, മനുഷ്യരാൽ ആട്ടിയോടിക്കപ്പെടാതെയും അവനെ കാത്തത് ദൈവകൃപയാണെന്നു അവൻ മനസ്സിലാക്കുകയും നന്ദിയോടെ, പിറുപിറുപ്പ് കൂടാതെ ജീവിക്കുകയും ചെയ്തു.

നമുക്കു ചുറ്റുമുള്ള മനുഷ്യരിലും, അവർക്ക് നമ്മോടുള്ള നിഷേധമനോഭാവത്തിലും നോട്ടം പതിപ്പിക്കരുത്. അത്യുന്നതനായ ദൈവത്തിൽ നമ്മുടെ നോട്ടത്തെ ഉറപ്പിക്കുക. ഈ ലോകത്തിൽ നാം തോറ്റതായി മനുഷ്യർ വിധിയെഴുതിയേക്കാം; പക്ഷേ യഥാർത്ഥ വിധിയെഴുത്ത് ദൈവത്തിന്റേതാണ്. മനുഷ്യരാലുള്ള മാനം നമുക്ക് വേണ്ട. സ്നേഹവാനും സർവശക്തനുമായ ദൈവത്തിന്റെ സാമീപ്യവും കരുതലുമാണ് നമുക്കാവശ്യം.

സമാധാനത്തോടെ നിങ്ങളെ ജീവിക്കുവാൻ അനുവദിക്കാത്ത പല സാഹചര്യങ്ങളും വ്യക്തികളും ഉണ്ടാകാം. നിങ്ങൾക്ക് വരുന്ന പല അവസരങ്ങളും അവർ തട്ടിമാറ്റിയിട്ടുണ്ടാകാം. എല്ലാ ദൈവത്തിന്റെ അറിവോടുകൂടെയാണെന്നു സമാധാനിക്കുക. ഇന്നത്തെ എന്റെ പ്രയത്നങ്ങളെ മാനിച്ച് ഒരിക്കൽ ദൈവം എന്നെ അനുഗ്രഹിക്കുമ്പോൾ അത് തടയുവാൻ ഒരു കൈയും ഉയരുകയില്ല എന്നാണ് ഭക്തകവിയായ എം. ഈ. ചെറിയാൻ പാടിയത്.

“വൃഥാവിൽ അല്ല ഞാൻ ചെയ്യും പ്രയത്നം
ഒടുവിൽ ഞാൻ കൊയ്യും
**തടയുവാനില്ലൊരു കയ്യും,** ഹല്ലേല്ലൂയ്യാ” **എം വി എസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### Joy C Moses, Akkikavu, Thrissur

ജനുവരി മാസത്തെ എഡിറ്റോറിയൽ "കുഞ്ഞിക്കാലു കാണാൻ കൊതിച്ച്.." എന്ന ലേഖനം വായിച്ചു. എനിക്ക് പതിമൂന്നു വർഷം കഴിഞ്ഞാണ് ഒരു കുഞ്ഞിനെ ലഭിച്ചത്. കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ ലിസ്റ്റ് തയ്യാറാക്കി ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കാറുണ്ട്. മാത്രമല്ല അധികം ചെലവില്ലാതെ ചികിത്സ നടത്താവുന്ന ആശുപത്രികളെക്കുറിച്ചുള്ള വിവരങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കാറുമുണ്ട്. ഉദാഹരണമായി തൃശ്ശൂരിലെ പൂത്തോളുള്ള ഒരു ഹോമിയോ ഹോസ്പിറ്റലിൽ ഇതിനു മാത്രമായി പ്രത്യേക വിഭാഗമുണ്ട്. മിക്കവാറും ചികിത്സ സൗജന്യമാണ്. പലർക്കും ഇതറിഞ്ഞുകൂടാ.

**കുഞ്ഞുങ്ങളെ ലഭിക്കാത്ത ദമ്പതികളുടെ വിവരങ്ങൾ അറിയാനും അവരെ ഓർത്തു പ്രാർത്ഥിക്കാനും അവർക്ക് വേണ്ട ചികിത്സാമാർഗ്ഗനിർദ്ദേശങ്ങൾ പറഞ്ഞുകൊടുക്കാനും എനിക്കു താത്പര്യമുണ്ട്. എന്റെ ഫോൺ നമ്പർ: 88 91 71 63 77**

**(എഡിറ്റർ:** നല്ല മനസ്സിനു നന്ദി. ആവശ്യമുള്ളവർ പ്രയോജനപ്പെടുത്തുമല്ലോ**)**

## അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു

വിശ്വസിച്ച് സ്നാനമേറ്റ യുവാവ്. വെളുത്ത നിറം.
സ്വതന്ത്രസഭയിൽ കൂടിവരുന്നു. ആഭരണം ധരിക്കുന്നവരാണ്
Age: 30, Height: 5 feet 3 inch, Weight: 65, Place: Thrissur
Qualification: BCA

Work: I T field in Chennai (Now work at home)

**Contact Number: 96 45 01 09 60** (Father)

# നമ്മുടെ ചുറ്റുമുള്ള സാക്ഷികൾ

4

പ്രൊഫ. റ്റി. ജോൺമാത്യു, മണ്ണുത്തി

### പെർപെച്വായും ഫെലിസിറ്റാസും: കാർത്തേജിലെ രക്തസാക്ഷികൾ

ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലുമായി വ്യാപിച്ചുകിടന്നിരുന്ന വിസ്തൃതമായ റോമാസാമ്രാജ്യത്തിൽ ക്രിസ്തീയവിശ്വാസം പീഡനങ്ങളെയും എല്ലാവിധ എതിർപ്പുകളെയും അതീജീവിച്ചുകൊണ്ടാണ് അപ്പൊസ്തലികകാലം മുതൽ മുന്നേറിക്കൊണ്ടിരുന്നത്.

അപ്പൊസ്തലപ്രവൃത്തികൾ 10-ാം അദ്ധ്യായത്തിൽ നാം കാണുന്ന കൊർന്നേല്യോസിനെപ്പോലെ ശുദ്ധമനസാക്ഷിയോടുകൂടെ സത്യദൈവത്തെ അന്വേഷിക്കുന്ന മനുഷ്യർ അവിടവിടെയൊക്കെ ഉണ്ടായിരുന്നുവെന്നു ചരിത്രത്തിൽനിന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. യേശുക്രിസ്തുവിന്റെ സുവിശേഷം വിശ്വസിച്ച് യേശുവിനെ രക്ഷിതാവും കർത്താവുമായി ആത്മാർത്ഥതയോടെ സ്വീകരിച്ച ആദ്യനൂറ്റാണ്ടുകളിലെ വിശ്വാസികൾ വളരെ ഉറപ്പോടും ധൈര്യത്തോടും ത്യാഗമനോഭാവത്തോടുംകൂടിയാണ് തങ്ങളുടെ വിശ്വാസം മുറുകെ പിടിച്ചത്.

ആഫ്രിക്കയിലെ കാർത്തേജിൽ 2-ാം നൂറ്റാണ്ട് അവസാനിക്കാറായ കാലത്ത് ക്രിസ്തീയവിശ്വാസം അനേകർ സ്വീകരിച്ചു എന്നു ചിന്തിക്കാൻ ന്യായമുണ്ട്. മൂന്നാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ യേശുവിൽ അർപ്പിച്ച വിശ്വാസം തള്ളിപ്പറയാൻ തയ്യാറാകാതെ യേശുവിനെ ഏറ്റുപറഞ്ഞുകൊണ്ട് രക്തസാക്ഷിമരണം വരിച്ച പെർപ്പെച്ച്വാ, ഫെലിസിറ്റാസ് എന്നീ രണ്ടു ശ്രേഷ്ഠവനിതകളുടെ ചരിത്രം ഇതാണ് സൂചിപ്പിക്കുന്നത്. ആഫ്രിക്കയിലെ സഭാപിതാക്കന്മാരിൽ ഏറ്റവും പ്രസിദ്ധനായ തെർത്തുല്യന്റെ എഴുത്തുകളിൽനിന്നാണ് ഇവരെക്കുറിച്ചുള്ള വിവരങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നത്.

സത്യദൈവവും നിത്യജീവനുമായ യേശുക്രിസ്തുവാണ് യഥാർത്ഥ രക്ഷിതാവ് എന്നും വിജാതീയമതങ്ങളുടെ ദേവീദേവന്മാർ ജീവനില്ലാത്ത വെറും മിത്ഥ്യാമൂർത്തികളാണെന്നും കാർത്തേജിലെ ആളുകളിൽ പലർ മനസ്സിലാക്കിയതിനെത്തുടർന്ന് 22 വയസ്സ് പ്രായമുണ്ടായിരുന്ന, വിവാഹിതയും ഒരു ആൺകുഞ്ഞിന്റെ അമ്മയും ആയിരുന്ന പെർപ്പെച്ച്വാ സുവി

ശേഷം കേൾക്കാനും യേശുവിൽ വിശ്വാസം അർപ്പിക്കാനും ഇടയായി. സാമാന്യം ധനസൗകര്യമുണ്ടായിരുന്ന ഒരു ഉയർന്ന കുടുംബത്തിലെ അംഗമായിരുന്നു അവൾ. അവളുടെ മാതാവും സഹോദരനും അവളുടെ വിശ്വാസം പങ്കുവച്ചെങ്കിലും, പിതാവ് റോമൻഭരണാധികളെ ഭയപ്പെട്ടുകൊണ്ട്, വിശ്വാസം രഹസ്യമായി സൂക്ഷിച്ചാൽ മതി എന്ന ചിന്താഗതിയാണ് വച്ചുപുലർത്തിയത്.

പെർപ്പെച്ച്വാ അവളുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും അവളെപ്പോലെത്തന്നെ വിശ്വാസത്തിലേക്ക് വന്ന മറ്റു ചിലരോട് ചേർന്ന് ദൈവവചനം പഠിക്കാനും പ്രാർത്ഥിക്കാനും ആരംഭിക്കുകയും ചെയ്തു. സറ്റേർണിനസ് (Saturninus),സെക്കുൻഡലസ് (Secundalus), റിവോകാട്ടസ് (Rivocatus), ഫെലിസിറ്റാസ് (Felicitas) എന്നിവരോടൊപ്പം അവൾ ക്രിസ്തീയസ്നാനത്തെക്കുറിച്ച് പഠിക്കാൻ ആരംഭിച്ചപ്പോൾ, അക്കാര്യത്തെക്കുറിച്ച് അറിവ് കിട്ടിയ റോമൻ ഭരണാധികാരികൾ അവരെ അറസ്റ്റ് ചെയ്ത് ജയിലിലാക്കി.

ആ സമയത്ത് ഫെലിസിറ്റാസ് ഗർഭിണിയായിരുന്നു. യേശുവിൽ അർപ്പിച്ച വിശ്വാസത്തിന്റെ അർത്ഥവും പ്രാധാന്യവും അവർക്കു വ്യക്തമായി ബോധ്യപ്പെട്ടിരുന്നതുകൊണ്ടാണ് അധികാരികളുടെ സമ്മർദ്ദത്തിനു വഴങ്ങി വിശ്വാസം ത്യജിക്കുവാൻ അവർ തയ്യാറാകാതിരുന്നത്. പെർപ്പെച്ച്വാ അവളുടെ കുഞ്ഞിനെയും കൊണ്ടാണ് ജയിൽമുറിയിൽ കഴിഞ്ഞത്. റോമാസാമ്രാജ്യത്തിലെ ജനങ്ങൾ പൊതുവെ ആരാധിച്ചിരുന്ന ദേവന്മാരുടെ അനുഗ്രഹം ചക്രവർത്തിക്കു ലഭിക്കാൻ വേണ്ടിയുള്ള ബലി അർപ്പിക്കുന്നതിന് ഇവർ സമ്മതിച്ചിരുന്നെങ്കിൽ യാതൊരു തടസ്സവുമില്ലാതെ ഇവർക്ക് ജയിലിൽനിന്ന് പുറത്തുവരാൻ കഴിയുമായിരുന്നു. എന്നാൽ എന്തു വന്നാലും വിജാതീയദേവന്മാർക്ക് ബലി കഴിക്കുകയില്ല എന്ന നിലപാടിൽ ഇവർ ഉറച്ചുനിന്നതിനാൽ ഇവരെ പരസ്യമായി വിചാരണ ചെയ്തിട്ട് കഠിനശിക്ഷയ്ക്കു വിധേയരാക്കണമെന്നു തന്നെ ഭരണാധികാരികൾ തീരുമാനിച്ചു.

തന്റെ മകൾക്കു ലഭിക്കാൻ പോകുന്നത് വധശിക്ഷയായിരിക്കുമെന്ന് മനസ്സിലാക്കിയ പെർപ്പെച്ച്വായുടെ പിതാവ് ജയിലിൽ ചെന്ന് അവളെ കണ്ടു. ഹൃദയത്തിലെ വിശ്വാസത്തെക്കുറിച്ച് ഒന്നും ചിന്തിക്കാതെ സ്വന്തം കുഞ്ഞിനെ ഓർത്തുകൊണ്ട്, അവനുവേണ്ടി "ഞാൻ ക്രിസ്ത്യാനി അല്ല" എന്ന് അധികാരികളുടെ മുന്നിൽ പറഞ്ഞ് ജീവരക്ഷ നേടി ജയിലിൽനിന്ന് പുറത്തുവരണമെന്ന് അയാൾ അവളെ ഉപദേശിച്ചു. സത്യം ഉപേക്ഷിച്ചുകൊണ്ട് മനസാക്ഷിക്കു വിരുദ്ധമായി സംസാരിക്കാൻ തനിക്കു സാദ്ധ്യമല്ല എന്നു അവൾ അദ്ദേഹത്തിനു മറുപടി കൊടുത്തു. വളരെ കുപിതനായി,

അയാൾ അവളെ അടിച്ചു ദേഹോപദ്രവമേല്പിച്ചശേഷമാണ് പുറത്തേക്കു പോയത്. പിതാവിന്റെ സമ്മർദ്ദങ്ങൾക്കു വഴങ്ങി അവൾ യേശുവിലുള്ള വിശ്വാസം ത്യജിച്ചേക്കാം എന്ന ആശ ആ ജയിൽ അധികൃതർക്ക് ഉണ്ടായിരുന്നതിനാൽ, അയാൾ പിന്നെയും വന്ന് അവളോട് സംസാരിച്ച് അവളെ വിശ്വാസത്തിൽനിന്ന് പിന്തിരിപ്പിക്കാൻ പരിശ്രമിക്കട്ടെ എന്ന് അവർ ചിന്തിച്ചു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് അയാൾ വീണ്ടും ജയിലിലേക്ക് വന്നു. "നിന്റെ കുഞ്ഞിനുവേണ്ടി നീ മരണം ഒഴിവാക്കണം. നിന്നെക്കൂടാതെ അവന് ജീവിക്കാൻ സാദ്ധ്യമല്ല" എന്നു പറഞ്ഞുകൊണ്ട്, അവളുടെ വിശ്വാസം തള്ളിപ്പറഞ്ഞ് വധശിക്ഷയിൽനിന്ന് രക്ഷ നേടുവാൻ അയാൾ അവളോട് കേണപേക്ഷിച്ചു; നിലത്തു വീണ് നിലവിളിച്ചു; ഫലമുണ്ടാകില്ലെന്നു കണ്ടപ്പോൾ അയാൾ എഴുന്നേറ്റ് പെർപ്പെച്ച്വായുടെ കയ്യിലിരുന്ന കുഞ്ഞിനെ വാങ്ങിക്കൊണ്ട് തന്റെ വീട്ടിലേക്ക് പോയി.

പെർപ്പെച്ച്വായുടെയും അവളോടൊപ്പം ജയിലിൽ അടച്ചിരുന്ന മറ്റു വിശ്വാസികളുടെയും പരസ്യവിചാരണ നടത്താൻ നിശ്ചയിച്ച ദിവസം വലിയൊരു ജനക്കൂട്ടം ടൗൺഹാളിൽ എത്തി. തങ്ങൾ ആരാധിച്ചുവന്നിരുന്ന ദേവീദേവന്മാരെ വണങ്ങാൻ കൂട്ടാക്കാത്ത 'രാജ്യദ്രോഹികൾ'ക്ക് ക്രൂരമായ വധശിക്ഷ തന്നെയാണ് നൽകപ്പെടേണ്ടതെന്ന അഭിപ്രായമാണ് അവർക്കെല്ലാമുണ്ടായിരുന്നത്. പെർപ്പെച്ച്വായുടെ ഒപ്പമുള്ള വിശ്വാസികൾ വിചാരണവേളയിൽ, യേശുവിലുള്ള തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നതായി തന്നെ ഭരണാധികാരികളുടെ മുമ്പിൽ പ്രസ്താവിച്ചു.

പെർപ്പെച്ച്വായുടെ പേര് വിളിച്ച് അവളെ മുമ്പിലേക്ക് കൊണ്ടുവന്നപ്പോൾ, "ഈ കുഞ്ഞിനോട് നീ കരുണ കാണിക്കില്ലേ?" എന്ന് ചോദിച്ചു നിലവിളിച്ചുകൊണ്ട്, അവളുടെ പിതാവ് ആ കുഞ്ഞിനെ കയ്യിൽ ഉയർത്തിപ്പിടിച്ച് അവളുടെ അടുത്തേക്ക് ചെന്നു. അവൾ തന്റെ മനസ്സ് മാറ്റി വിശ്വാസം ഉപേക്ഷിക്കുമോ എന്നു ചിലരെങ്കിലും അപ്പോൾ ചിന്തിച്ചു കാണും. പക്ഷേ അവൾ പിന്മാറിയില്ല. "യേശുവിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ ഒരു ക്രിസ്ത്യാനിയാണ്" എന്ന് ഭയം കൂടാതെ അവൾ അവളുടെ വിശ്വാസം ഏറ്റുപറഞ്ഞു. അവൾക്കും അവളുടെ സഹതടവുകാർക്കും വധശിക്ഷ വിധിച്ചിരിക്കുന്നതായുള്ള പ്രഖ്യാപനം വേഗത്തിൽ തന്നെ അധികാരികൾ പുറപ്പെടുവിക്കുകയും ചെയ്തു.

എട്ടു മാസം ഗർഭിണിയായിരുന്ന ഫെലിസിറ്റാസിന് വിധിക്കപ്പെട്ട വധശിക്ഷ മുന്നോട്ട് നീട്ടിവയ്ക്കപ്പെടുന്നതിന് ഒരു സാധ്യതയുണ്ടായിരുന്നു. കാരണം ഗർഭിണിയായ സ്ത്രീയെ വധശിക്ഷയ്ക്ക് വിധേയമാക്കരുത് എന്നൊരു നിയമം റോമാസാമ്രാജ്യത്തിൽ നിലവിലുണ്ടായിരുന്നു. എന്നാൽ

തന്റെ സഹവിശ്വാസികളുടെ കൂടെത്തന്നെ കർത്തൃസന്നിധിയിലേക്ക് കടന്നുചെല്ലണമെന്ന് ഫെലിസിറ്റാസ് ആഗ്രഹിച്ചു. അവളുടെ സഹവിശ്വാസികളോട് ചേർന്ന് ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കാൻ ജയിലധികൃതർ അവൾക്ക് അനുവാദം നൽകി. അവർ ഒരുമനപ്പെട്ട് ദൈവത്തോട് പ്രാർത്ഥിച്ചു. അധികം താമസിയാതെ അവൾക്ക് പ്രസവവേദന അനുഭവപ്പെടുകയും, മാസം തികയാതെ അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു.

കുഞ്ഞിന് കുഴപ്പമൊന്നും ഉണ്ടായിരുന്നില്ല. അവളെ അറിയാമായിരുന്ന ഒരു ക്രിസ്തീയസഹോദരി ആ കുഞ്ഞിനെ സ്വീകരിക്കുകയും അവളെ വളർത്തുന്ന ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ വധശിക്ഷ നടപ്പാക്കാനായി നിശ്ചയിച്ച ദിവസം തന്നെ, യാതൊരു തടസ്സവുമില്ലാതെ അവരെല്ലാവരുടെയും ശിക്ഷ നടപ്പാക്കുന്നതിനുള്ള സകല ക്രമീകരണങ്ങളും ഭരണാധികാരികൾ ചെയ്തു.

ആംഫിതിയറ്റർ (Amphitheatre) എന്നറിയപ്പെട്ടിരുന്ന, സ്റ്റേഡിയം പോലുള്ള ഒരു സ്ഥലത്ത് വച്ച്, ഈ ക്രിസ്തീയവിശ്വാസികളെ എല്ലാവരും കാൺകെ കരടി, പുള്ളിപ്പുലി തുടങ്ങിയ കാട്ടുമൃഗങ്ങളെക്കൊണ്ട് ആക്രമിപ്പിച്ച് കൊല്ലണമെന്നാണ് ബന്ധപ്പെട്ട അധികാരികൾ തീരുമാനിച്ചത്. ഇപ്രകാരം ചെയ്തിട്ടും അവർക്ക് മരണം സംഭവിച്ചില്ലെങ്കിൽ വാൾകൊണ്ടോ കുന്തംകൊണ്ടോ കുത്തിക്കൊല്ലണമെന്ന ചട്ടമുണ്ടായിരുന്നു. പെർപ്പെച്ച്വായുടെ സഹവിശ്വാസികൾ മിക്കവാറും എല്ലാവരും മൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു.

എന്നാൽ പെർപ്പെച്ച്വായ്ക്ക് കഠിനമായ മുറിവേറ്റിട്ടും അവൾ മരിച്ചിട്ടില്ല എന്നു കണ്ട പടയാളി അവളുടെ അടുത്ത് ചെന്ന് വാൾകൊണ്ട് നെഞ്ചിൽ കുത്തിയപ്പോൾ വാരിയെല്ലുകൾ തടസ്സം സൃഷ്ടിച്ചതിനാൽ അല്പം വിഷമിച്ചു. അയാൾ വാൾ എടുത്തപ്പോൾ പെർപ്പെച്ച്വാ അതിന്റെ മുന അവളുടെ തൊണ്ടയിലേക്ക് പിടിച്ചുവച്ചുകൊടുത്ത് അയാളുടെ ജോലി ചെയ്തുതീർക്കാൻ അയാളെ സഹായിച്ചു.

ആദ്യനൂറ്റാണ്ടുകളിൽ, റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തീയവിശ്വാസം സ്വീകരിച്ച ആളുകളിൽ കാണപ്പെട്ടത്, "എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി ക്രൂശിൽ മരണം സഹിച്ച യേശുക്രിസ്തുവിനോട് എനിക്കുള്ള സ്നേഹത്തിൽനിന്ന് എന്നെ പിന്തിരിപ്പിക്കുവാൻ യാതൊന്നിനും സാദ്ധ്യമല്ല" എന്ന മനോഭാവമായിരുന്നു. അതിനാൽ അവരിൽ അനേകർ രക്തസാക്ഷിമരണം സഹിക്കാൻ ഇടയായി. വിലയേറിയ പ്രതിഫലം (2 കൊരിന്ത്യർ 2:9) അവർക്കു ലഭിക്കുന്ന നാൾ വരുന്നു. ■

# ആസ്യയിലെ ഏഴ് സഭകൾ

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

1

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

---

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

---

**ആമുഖം**

**1. വെളിപ്പാട് പുസ്തകം**

- പുതിയനിയമത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാട്പുസ്ത കത്തിൽ, ഭാവിയിൽ സംഭവിക്കാനുള്ള കാര്യങ്ങളാണ് രേഖപ്പെടുത്തി യിരിക്കുന്നത് (വെളി.1:1)

- പുതിയനിയമത്തിലെ 27-ാമത്തെ പുസ്തകമാണ് വെളിപ്പാട് പുസ്തകം. പഴയനിയമത്തിലെ 27-ാമത്തെ പുസ്തകം ദാനിയേലിന്റെ പുസ്തക മാണ്. ഇവ രണ്ടും പരസ്പരം ബന്ധമുള്ള പുസ്തകങ്ങളാണ്.

  *"എബ്രായ ബൈബിളിലെ (പഴയനിയമത്തിലെ) പ്രവചനപുസ്തകമാണ് ദാനിയേലിന്റെ പുസ്തകം. അതിന്റെ സഹോദരീപുസ്തകമാണ് (sister book) വെളിപ്പാട്പുസ്തകം എന്നു പറയാം. ദാനിയേൽപുസ്തകത്തി ന്റെ ക്രിസ്തീയവ്യാഖ്യാനമാണ് പ്രധാനമായും വെളിപ്പാട്പുസ്തകം"* (James Tabor)

- വെളിപ്പാട്പുസ്തകം വായിച്ചാൽ പല കാര്യങ്ങളും മനസ്സിലാകുന്നി ല്ലെന്നു പലരും പറയാറുണ്ട്. ഇത് ശരിയായിരിക്കാം. എന്നുകരുതി, നാം ആ പുസ്തകം വായിക്കാതിരിക്കരുത്. മനസ്സിലായില്ലെങ്കിലും വായി ക്കുക. കാരണം ആ പുസ്തകം വായിച്ചുകേൾപ്പിക്കുന്നവനും വായി ക്കുന്നവനുമെല്ലാം ഭാഗ്യവാന്മാരാണെന്നു ആ പുസ്തകം തന്നെ സാ ക്ഷ്യപ്പെടുത്തുന്നു (1:3).

  പുസ്തകത്തിന്റെ തുടക്കത്തിൽ തന്നെ ലേഖനകാരൻ ഇപ്രകാരം എഴു തിവച്ചത് നാമെല്ലാവരും ആ പുസ്തകം നിർബന്ധമായും വായി ക്കേണ്ടതിനു തന്നെയാണ്.

**2. ആസ്യ**

ആസ്യ എന്ന പദം ഇംഗ്ലീഷ്ബൈബിളുകളിൽ Asia (ഏഷ്യ) എന്നാണ് കൊടുത്തിരിക്കുന്നത്. ഏഷ്യാവൻകരയെയല്ല ഇവിടെ ഉദ്ദേശിക്കുന്നത്; ഏഷ്യാമൈനർ (Asia Minor) ആണ്. ഏഷ്യ. യൂറോപ്പ് എന്നീ വൻകരകൾ കൂടിച്ചേരുന്ന ഭാഗമാണ് ഏഷ്യാമൈനർ. അതായത്, ഏഷ്യാവൻകരയുടെ പടിഞ്ഞാറേ അറ്റം എന്നു പറയാം. ഇപ്പോൾ ആ പ്രദേശത്തുള്ള പ്രധാന രാജ്യങ്ങൾ ഇറ്റലി, ഗ്രീസ്, ഇറാക്, ഇസ്രായേൽ, ലബാനോൻ, ബൾഗേറിയ, തുർക്കി എന്നിവയാണ്.

പണ്ട് റോമൻഗവൺമെന്റിന്റെ പ്രവിശ്യകളിൽ ഒന്നിന്റെ പേര് ആസ്യ (Asia) എന്നായിരുന്നു. എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ് തുടങ്ങിയ പട്ടണങ്ങൾ ഈ ഭാഗത്തായിരുന്നു. പിന്നീട് ഏഴു വൻകരകളിൽ വച്ച് ഏറ്റവും വലിയ വൻകരയെ ഏഷ്യ എന്നു ചരിത്രകാരന്മാർ വിളിക്കാൻ തുടങ്ങിയപ്പോൾ, അതിൽനിന്നും വേർതിരിച്ചറിയാനായി അവർ തന്നെ പഴയ ഏഷ്യയെ (ആസ്യയെ) ഏഷ്യാമൈനർ എന്നു വിശേഷിപ്പിച്ചു. ഏഷ്യാമൈനർ എന്നു പറഞ്ഞാൽ ചെറിയ ഏഷ്യ (Little Asia/Minor Asia) എന്നർത്ഥം. അങ്ങനെ ഇക്കാലത്ത് ഏറ്റവും വലിയ വൻകരയെ ഏഷ്യാ എന്നും, ബൈബിളിൽ പറഞ്ഞിട്ടുള്ള ഏഷ്യ(ആസ്യ)യെ ചെറിയ ഏഷ്യ (ഏഷ്യാമൈനർ) എന്നും വേർതിരിച്ചു പറയുന്നു.

**3. ഏഴ് സഭകൾ**

എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫിലദെൽഫ്യ, ലവൊദിക്യ എന്നിവയാണ് ആ ഏഴ് സഭകൾ. തൃശ്ശൂരിലെ ഏതെങ്കിലും ഏഴു സഭകളുടെ പേര് മനസ്സിൽ പറഞ്ഞു നോക്കുക. ആസ്യയിലെ ഏഴു സഭകളുടെയും തൃശ്ശൂരിലെ ഏഴ് സഭകളുടെയും പേരുകൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. ഒന്നാംനൂറ്റാണ്ടിൽ സ്ഥലത്തിന്റെ പേരോടുകൂടിയാണ് സഭകൾ അറിയപ്പെട്ടിരുന്നത്. ക്രിസ്തുസഭ (*The churches of Christ* - Romans 16:16) എന്നോ ദൈവസഭ (*the church of God* - 1 Corinthians 1:2) എന്നോ അറിയപ്പെടുന്നതും അക്കാലത്ത് സർവ്വസാധാരണമായിരുന്നു.

അക്കഥയെല്ലാം പഴങ്കഥ! ഇന്ന് എല്ലാം മാറി. ഒരു കോമ്പൗണ്ടിനുള്ളിൽ തന്നെ രണ്ടു സഭാഹാളുകൾ! ഒരു സഭാഹാളിൽ തന്നെ രണ്ടു സഭകൾ രണ്ടു വ്യത്യസ്ത സമയങ്ങളിൽ ആരാധിക്കുന്നു! അതുകൊണ്ടുതന്നെ ഒന്നാം നൂറ്റാണ്ടിലെപ്പോലെ സ്ഥലപ്പേരോടുകൂടി ഇന്ന് സഭകൾ അറിയപ്പെടാൻ തുടങ്ങിയാൽ ഉണ്ടാകുന്ന പ്രായോഗികപ്രശ്നങ്ങൾ നിരവധിയാണ്. എല്ലാവരും ബൈബിളിലെ ആശയങ്ങളിലേക്ക് മടങ്ങിയാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. പക്ഷേ അത് നടക്കുമെന്നു തോന്നുന്നില്ല.

**4. എന്തുകൊണ്ട് ഏഴ് സഭകൾ?**

ആസ്യയിൽ ഏഴിൽ കൂടുതൽ സഭകൾ ഉണ്ടായിരുന്നു. കൊലൊസ്യ, ലവൊദിക്യ എന്നിവ അടുത്തടുത്ത സ്ഥലങ്ങളായിരുന്നുവെന്നും അവിടെ സഭകൾ ഉണ്ടായിരുന്നുവെന്നും കൊലൊസ്യർ 4:13-16 വരെയുള്ള വാക്യങ്ങളിൽ കാണാം. ലവൊദിക്യ, കൊലൊസ്യ എന്നീ രണ്ടു സഭകൾക്ക് പൗലൊസ് എഴുതിയ ലേഖനങ്ങൾ ഓരോ സഭയിലും മാറിമാറി വായിക്കണമെന്നുമുള്ള നിർദ്ദേശവും അവിടെ കാണാം. ഇതിൽനിന്നെല്ലാം കൊലൊസ്യസഭ ആസ്യയിലെ ഒരു സഭയാണെന്നു വ്യക്തമാകുന്നു. ഇതുപോലെ മറ്റു സഭകളും ആസ്യയിൽ ഉണ്ടാവുക സ്വാഭാവികമാണ്.

എന്നിട്ടും, എന്തുകൊണ്ട് ഏഴ് സഭകൾ മാത്രം എന്ന ചോദ്യം അവശേഷിക്കുന്നു. വെളിപ്പാട്പുസ്തകത്തിൽ ഏഴ് എന്ന സംഖ്യ അമ്പതോളം തവണ ഉപയോഗിച്ചിട്ടുണ്ട്. ഏഴ് സഭ, ഏഴ് നക്ഷത്രം, ഏഴ് കാഹളം, ഏഴ് പൊൻനിലവിളക്ക്, ഏഴ് ആത്മാവ്, ഏഴ് കലശം, ഏഴ് ദൂതന്മാർ... എന്നിങ്ങനെ പലതും ഏഴ് എന്ന സംഖ്യയിൽ ഒതുക്കിക്കൊണ്ട് പറയുന്ന ഒരു ശൈലി വെളിപ്പാട്പുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അതു പ്രകാരം ഏഴ് സഭകളുടെ പേര് മാത്രം പറഞ്ഞതായിരിക്കാം.

വാസ്തവത്തിൽ ഈ സന്ദേശങ്ങൾ ഏഴ് സഭകൾക്ക് മാത്രമുള്ള സന്ദേശങ്ങളല്ല. കാരണം ഓരോ സഭയ്ക്കുമുള്ള സന്ദേശത്തിന്റെ ഒടുവിൽ, "ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ" (2:7) എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ഇവയെല്ലാം എല്ലാ സഭകൾക്കുമുള്ള സന്ദേശങ്ങളാണ് എന്നു ലേഖനകാരൻ വ്യക്തമാക്കിയിരിക്കുന്നു. ഇക്കാലയളവിൽ നമുക്കും അവ പ്രയോജനപ്പെടുത്താവുന്നവയാണ്. ഈ ലേഖനപരമ്പരയുടെ ഉദ്ദേശ്യവും അതാണ്.

**5. ഏഴ് സഭകൾ ഏഴു കാലഘട്ടമോ?**

ഏഴ് സഭകൾ ഏഴ് കാലഘട്ടത്തെ കാണിക്കുന്നു എന്നു വിശദീകരിച്ചുകൊണ്ടുള്ള ഒരു വ്യാഖ്യാനശൈലിയാണ് മഹാകവി കെ. വി. സൈമൺ, സി. വി. താരപ്പൻ, വൈ. എസക്കിയേൽ തുടങ്ങിയവർ പിന്തുടർന്നിട്ടുള്ളത്. അവർ പഠിപ്പിച്ച കാലഘട്ടം ഇപ്രകാരമാണ്: **എഫെസൊസ്** - AD 70 മുതൽ 170 വരെയുള്ള കാലഘട്ടത്തെ കാണിക്കുന്നു; **സ്മുർന്ന** - AD 170 മുതൽ 313 വരെ; **പെർഗ്ഗമൊസ്** - AD 313 മുതൽ 606 വരെ; **തുയഥൈര** - AD 606 മുതൽ 1520 വരെ; **സർദ്ദിസ്** - AD 1520 മുതൽ 1750 വരെ; **ഫിലദെൽഫ്യ** - AD 1750 മുതൽ 1900 വരെ; **ലവൊദിക്യ** - AD 1900 മുതൽ കർത്താവിന്റെ വരവു വരെ. ഇന്ന് ലവൊദിക്യകാലഘട്ടമാണ് എന്ന് ഇവർ പഠിപ്പിക്കുന്നു. ഈ വ്യാഖ്യാനശൈലിയല്ല ഈ ലേഖനത്തിൽ ഞാൻ പിന്തുടരുന്നത്.

**(തുടരും)**

# ഹബക്കൂക്

## (പുസ്തകപഠനം)

24

### -എംവിഎസ്-

**ഹബക്കൂക് 3:7**

*ഞാൻ കൂശാന്റെ കൂടാരങ്ങളെ അനർഥത്തിൽ കാണുന്നു. മിദ്യാൻ ദേശത്തിലെ തിരശ്ശീലകൾ വിറയ്ക്കുന്നു.*

**കൂശാനും മിദ്യാനും**

'കൂശാന്റെ കൂടാരങ്ങൾ' എന്നു പറഞ്ഞിരിക്കുന്നത് ഏത് ജനവിഭാഗത്തെയാണ് എന്ന കാര്യത്തിൽ പലരുടെയും ഇടയിൽ തർക്കമുണ്ട്. കൂശ് എന്നു പറഞ്ഞാൽ ആഫ്രിക്കൻ രാജ്യമായ എത്യോപ്യയാണെന്നും അതുകൊണ്ട് ആഫ്രിക്കയെയാണ് ഉദ്ദേശിച്ചതെന്ന് ഒരു കൂട്ടർ; അറേബ്യയെക്കുറിച്ചാണെന്നു മറ്റൊരു കൂട്ടർ; ന്യായാധിപന്മാർ 3:10 ൽ കാണുന്ന കൂശൻരീശാഥയീമിനെക്കുറിച്ചാണ് എന്നു അഭിപ്രായപ്പെടുന്നവരും ഉണ്ട്. കൂശിനെക്കുറിച്ച് പറഞ്ഞതായിരിക്കാനുള്ള സാധ്യതയാണ് കൂടുതലുള്ളത്.

മിദ്യാൻ എന്നു പറഞ്ഞിരിക്കുന്നത് മിദ്യാൻദേശം തന്നെ. എന്നും യിസ്രായേൽമക്കളുടെ ശത്രുക്കളായിരുന്നു അവർ. ഗിദെയോന്റെ കാലത്ത് മിദ്യാന്യരുമായി പ്രശ്നങ്ങളുണ്ടായിരുന്നു. അന്ന് ദൈവം മിദ്യാന്യർക്കെതിരെ ഗിദെയോനെ എടുത്തുപയോഗിച്ചു.

അപ്പോൾ, കൂശാനും മിദ്യാനും യിസ്രായേൽമക്കളുടെ ശത്രുക്കളായിരുന്നു. ദൈവജനത്തിന്റെ ശത്രുക്കൾക്ക് അനർത്ഥമാണ് വന്നുഭവിക്കുക; അവർ വിറയ്ക്കുന്ന അവസ്ഥയുണ്ടാകും. ദൈവം തന്റെ ജനത്തിനു വേണ്ടി ഇറങ്ങിത്തിരിക്കുമ്പോൾ, ദൈവജനത്തിനെതിരെ നിൽക്കുന്ന സകല ജനവിഭാഗങ്ങളും വിറയ്ക്കും. ഒരിക്കൽ മിസ്രയിം വിറച്ചു; മറ്റൊരിക്കൽ യെരീഹോ വിറച്ചു; പിന്നീട് ഹായീ വിറച്ചു. ഇനി കൂശാനും മിദ്യാനും വിറയ്ക്കാൻ പോകുന്നു.

ഇതിൽ കൗതുകം തോന്നുന്ന ഒരു കാര്യമുണ്ട്. മോശെയുടെ ഒരു ഭാര്യ മിദ്യാനിൽനിന്നുള്ളവളും മറ്റൊരു ഭാര്യ കൂശിൽനിന്നുള്ളവളും ആയിരുന്നു! മോശെയുടെ ആദ്യഭാര്യ സിപ്പോറ, മിദ്യാന്യപുരോഹിതൻ യിത്രോയുടെ മകളായിരുന്നു (പുറപ്പാട് 3:1). മോശെ കൂശ്യസ്ത്രീയെ വിവാഹം കഴിച്ചതായി സംഖ്യ 12:1 ലും രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയെ

ങ്കിൽ മോശെയോട് അടുപ്പം ഉണ്ടാകേണ്ട രണ്ടു രാജ്യങ്ങളാണ് കൂശും മിദ്യാനും. പക്ഷേ അവർക്ക് അതിനായില്ല. മോശെ ഈ രണ്ടു രാജ്യങ്ങൾക്കും മരുമകനായിരുന്നിട്ടും മോശെയിലൂടെ യഥാർത്ഥ ദൈവത്തിന്റെ അടുത്തേക്ക് എത്താൻ ഇവർക്കായില്ല. എന്നു മാത്രമല്ല, അവർ മോശെയുടെ ജനത്തെ ശത്രുവായി കാണുകയും ചെയ്തു.

കർത്താവിനോട് വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നിട്ടും സ്വർഗ്ഗത്തിലേക്കെത്താൻ ഒറ്റുകാരനായ യൂദായ്ക്കു കഴിഞ്ഞില്ലല്ലോ. ഏതാണ്ട് അതുപോലെയുള്ള അനുഭവമാണ് കൂശിനും മിദ്യാനും ഉണ്ടായിരിക്കുന്നത്. ദൈവത്തോട് അടുക്കാൻ വളരെയധികം സാധ്യത മുന്നിലുണ്ടായിരുന്ന ഈ രണ്ടു രാജ്യങ്ങൾ ഇതാ നശിച്ചുപോകുന്നു. ശരിയായത് തെരഞ്ഞെടുക്കുന്നതിൽ വരുന്ന പാകപ്പിഴവിന്റെ അനന്തരഫലം!

### ഹബക്കൂക് 3:8

*യഹോവ നദികളോട് നീരസപ്പെട്ടിരിക്കുന്നുവോ? നിന്റെ കോപം നദികളുടെ നേരെ വരുന്നുവോ? നീ കുതിരപ്പുറത്തും ജയരഥത്തിലും കയറിയിരിക്കയാൽ നിന്റെ ക്രോധം സമുദ്രത്തിന്റെ നേരെ ഉള്ളതോ?*

നദികളുടെ നേരെ ദൈവം കോപിക്കുമെന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ചെങ്കടലും യോർദ്ദാനും പിളർന്നത് ദൈവകോപത്തിന്റെ ഫലമായിട്ടായിരുന്നില്ല. അത് ദൈവജനത്തിനുവേണ്ടി ദൈവം ചെയ്തതാണ്. നദികളോടുള്ള കോപമല്ല, തന്റെ ജനത്തോടുള്ള സ്നേഹമാണ് ദൈവം അവിടെ പ്രകടിപ്പിച്ചത്.

ദൈവം കുതിരപ്പുറത്ത് കയറിയിരിക്കുന്നു എന്നും ഈ വാക്യത്തിൽ ഹബക്കൂക് എഴുതിയിരിക്കുന്നു. ദൈവം കുതിരപ്പുറത്ത് കയറിയാൽ, അഹങ്കാരത്തോടെ കുതിരപ്പുറത്തിരിക്കുന്ന ഭൂമിയിലെ രാജാക്കന്മാർ നിലംപൊത്തും. മിസ്രയീമിലെ ഫറവോന്റെ അനുഭവം നോക്കുക. പുറപ്പാട് 15:1 ൽ നാം ഇപ്രകാരം വായിക്കുന്നു: കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ (ദൈവം) കടലിൽ തള്ളിയിട്ടിരിക്കുന്നു. കുതിരപ്പുറത്ത് ഗർവ്വത്തോടെ ഇരുന്ന ഫറവോൻ വെള്ളത്തിൽ മുങ്ങിച്ചത്തു. കാരണം അവിടെ കുതിരപ്പുറത്തും ജയരഥത്തിലും കയറി മറ്റൊരാളുണ്ടായിരുന്നു – സാക്ഷാൽ ദൈവം.

### ഹബക്കൂക് 3:9

*നിന്റെ വില്ല് മുറ്റും അനാവൃതമായിരിക്കുന്നു. വചനത്തിന്റെ ദണ്ഡനങ്ങൾ ആണകളോടുകൂടിയിരിക്കുന്നു. നീ ഭൂമിയെ നദികളാൽ പിളർക്കുന്നു.*

ദൈവം തന്റെ വില്ല് കുലയ്ക്കാനായി എടുത്തിരിക്കുന്നു. ദൈവത്തോട് ശത്രുത പുലർത്തുന്നവരുടെ നേരെ ദൈവത്തിന്റെ ക്രോധം പാഞ്ഞു പോകുന്നു എന്നു കാണിക്കുന്ന ആലങ്കാരികപ്രയോഗമാണിത്.

**വചനത്തിന്റെ ദണ്ഡനങ്ങൾ**

*വചനത്തിന്റെ ദണ്ഡനങ്ങൾ ആണകളോടുകൂടിയിരിക്കുന്നു* എന്ന തർജ്ജമ ശരിയല്ലെന്നാണ് മറ്റു മലയാളം ബൈബിളുകളും ഇംഗ്ലീഷ്ബൈബിളുകളും പരിശോധിച്ചാൽ മനസ്സിലാകുന്നത്. പലയിടത്തും വ്യത്യസ്തമായ രീതിയിലാണ് കൊടുത്തിരിക്കുന്നത്. വ്യത്യസ്ത തർജ്ജമകൾ നോക്കൂ:

...according to the oaths of the tribes, even thy word. (KJV)
നിന്റെ വചനം പോലും ഗോത്രങ്ങളുടെ ശപഥങ്ങൾക്കനുസരിച്ചാണ്

The oaths to the tribes were a sure word (ASV)
ഗോത്രങ്ങളോടുള്ള ശപഥങ്ങൾ ഉറപ്പുള്ള വാക്കാണ്

The rods [of discipline] sworn according to [thy] word. (Darby's Translation)
അച്ചടക്കത്തിന്റെ ദണ്ഡുകൾ അങ്ങയുടെ വചനപ്രകാരം സത്യം ചെയ്തു

Oaths were sworn over Your arrows (NKJV)
നിന്റെ അസ്ത്രങ്ങൾക്കു മീതെ ആണയിട്ടു.

നമ്മുടെ പക്കലുള്ള മലയാളം വിവർത്തനത്തിൽ വചനത്തിന്റെ ദണ്ഡനങ്ങൾ ആണകളോടുകൂടിയിരിക്കുന്നു എന്നു കാണുന്നു.

വചനത്തിന്റെ ദണ്ഡനങ്ങൾ = വചനപ്രകാരമുള്ള ശിക്ഷകൾ

ആണകളോടുകൂടിയിരിക്കുന്നു = അത് നിശ്ചയമായും സംഭവിക്കും കാരണം ആ ശിക്ഷകളെക്കുറിച്ച് ദൈവം ശപഥം (ആണ) ചെയ്താണ് പറഞ്ഞിരിക്കുന്നത്.

മുകളിൽ കൊടുത്ത വ്യത്യസ്ത തർജ്ജമകളെല്ലാം കൂടി ഒത്തുവച്ചു നോക്കിയാൽ നമുക്ക് ലഭിക്കുന്ന ആശയം ഇപ്രകാരമാണ്:

യിസ്രായേൽഗോത്രങ്ങളോട് ദൈവത്തിന്റെ ശപഥങ്ങൾ ഉറപ്പായും സംഭവിക്കും. അവരുടെ ശത്രുക്കൾക്കു നേരെ ദൈവം അസ്ത്രം തൊടുക്കും. സത്യം ചെയ്താണ് ദൈവം അവരുടെ നേരെ ആ അസ്ത്രങ്ങൾ അയയ്ക്കുന്നത്. അതുകൊണ്ട് നിശ്ചയമായും യിസ്രായേലിന്റെ ശത്രുക്കൾ തകർന്നുപോകും. യിസ്രായേൽമക്കളോട് ദൈവം പറഞ്ഞ വചനപ്രകാരം അവരുടെ ശത്രുക്കൾക്കുനേരെ അയയ്ക്കുന്ന ശിക്ഷകൾ നിശ്ചയമായും സംഭവിക്കും.

**(തുടരും)**

# പരസ്യയോഗങ്ങൾ

**ജയ്മോഹൻ അതിരുങ്കൽ**

കവലകളിലും തെരുവോരങ്ങളിലുമൊക്കെ നടത്തുന്ന സുവിശേഷപ്രസംഗങ്ങളെയാണ് പരസ്യയോഗങ്ങൾ എന്നു വിളിക്കുന്നത്. ആരും കേൾക്കാനില്ലാത്ത സ്ഥലങ്ങളിലും ഇത് നടത്തുന്നുണ്ടെന്നു പറയുന്നു.

പരസ്യസ്ഥലങ്ങളിൽ പ്രസംഗിക്കുന്നതും സഭായോഗങ്ങളിൽ പ്രസംഗിക്കുന്നതും തമ്മിൽ ശൈലിയിൽ അഥവാ രീതിയിൽ വ്യത്യാസമുണ്ട്. മിക്ക പ്രസംഗകർക്കും പൊതുസ്ഥലത്ത് പ്രസംഗിക്കാനറിഞ്ഞുകൂടാ എന്നതാണ് വസ്തുത. ചില വർഷങ്ങൾക്കു മുമ്പു നടത്തിയ പരസ്യയോഗപരമ്പരയിൽ നടത്തിപ്പുകാരനായ പാസ്റ്റർ അദ്ദേഹത്തിന്റെ ന്യൂനത മനസ്സിലാക്കിക്കൊണ്ട് "എനിക്ക് കവലയിൽ പ്രസംഗിക്കാനറിഞ്ഞുകൂടാ" എന്നു പറഞ്ഞ് ഒഴിഞ്ഞുമാറി. ഇന്നത്തെ ചില പ്രസംഗകരെങ്കിലും അങ്ങനെ ഒഴിഞ്ഞുമാറി നിന്നിരുന്നുവെങ്കിൽ നന്നായിരുന്നു എന്നു തോന്നിയിട്ടുണ്ട്.

ഒന്നാമത് നമുക്കൊരു ശബ്ദസംസ്കാരമില്ല. മൈക്കിലൂടെ ഒരു പരിധിക്കപ്പുറം ശബ്ദം കേൾപ്പിക്കുന്നത് അരോചകമാണ്. ആത്മാവിന്റെ 'പ്രകടനം' നടത്തി മിക്ക പ്രസംഗകരുടെയും സ്വനതന്തുക്കൾ അഥവാ തൊണ്ട കേടായിരിക്കുകയാണ്. പോരാത്തതിന് ആ തൊണ്ടയും വച്ചുകൊണ്ട് ഒരു പാട്ടും കൂടെയങ്ങു പാടും. അതു കേൾക്കുന്നവർ മിക്കവാറും സ്ഥലം വിടാനാണ് സാദ്ധ്യത.

സുവിശേഷസന്ദേശമുള്ള പാട്ടുകളേ പരസ്യയോഗങ്ങളിൽ പാടാവൂ. "മണിയറവാസം ചെയ്തിടുവാനായി" എന്ന പാട്ട് കവലയിൽ വച്ച് പാടിയാൽ, കേൾക്കുന്നവർ എന്തു വിചാരിക്കുമെന്ന് ഓർത്തുപോയി. "ഈ കാണുന്നതെല്ലാം മായാ...മായാ..." എന്ന പാട്ടും പാടാൻ പറ്റിയതല്ല. 'മായ' എന്ന വാക്കിന്റെ അർത്ഥമറിയാതെയാണ് 'മായ' കലർത്തിയ പാട്ടുകൾ എഴുതിയിരിക്കുന്നത്. 'നിരർത്ഥകത' എന്നു വിവർത്തനം ചെയ്യേണ്ടുന്ന പദമാണ് സഭാപ്രസംഗിയിലും റോമാലേഖനത്തിലും 'മായ'കൊണ്ട് സാധിച്ചിരിക്കുന്നത്. ഇതെല്ലാം മായയാണെങ്കിൽ ആഹാരം കഴിക്കുന്നതും വസ്ത്രം ധരിക്കുന്നതും മായ (തോന്നൽ) ആണെന്നു വരും.

അവയൊന്നും തോന്നലല്ല, യാഥാർത്ഥ്യമാണ്. എന്നാൽ, ഇക്കാണുന്നതെല്ലാം താത്ക്കാലികമാണ്. സ്ഥിരമല്ല. ഇതാണ് വചനം പറയുന്നത്. മായ എന്താണെന്നു നാരദമഹർഷിക്ക് കൃഷ്ണൻ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. വെറും തോന്നൽ മാത്രം! ഹൈന്ദവരുടെ സഹായത്താൽ ദൈവവചനപരി

ഭാഷ നിർവ്വഹിച്ചപ്പോൾ, അവരുടെ ആശയങ്ങളും പദപ്രയോഗങ്ങളും അവിടവിടെയായി വന്നു. അതുകൊണ്ട് ഇങ്ങനെയുള്ള ചില്ലറ ബുദ്ധിമുട്ടുകളുമുണ്ടായി. ഇങ്ങനെ പാടി, പ്രസംഗിച്ച സ്ഥലത്തുവച്ച് ആരെങ്കിലും രണ്ടു തല്ലു തന്നാൽ അതും 'മായ' എന്നു പറയുകയില്ലല്ലോ.

"രക്ഷിതാവിനെ കാൺക, പാപീ" എന്ന പാട്ട് യാതൊരു പശ്ചാത്തല സംഗീതവുമില്ലാതെ, ഹാൻഡ്മൈക്കിലൂടെ ഒരിടത്തു വച്ചു പാടിയപ്പോൾ, തിരക്കിട്ടു നടന്നുപോയവരും നിന്നു ശ്രദ്ധിച്ചു. അത് ആ പാട്ടിന്റെ മെച്ചമാണ്, ആലാപനത്തിന്റെ മേന്മയേക്കാൾ. "സ്നേഹത്തിനിടയനാമേശുവേ", "വരുവിൻ യേശുവിനരികിൽ", "ജീവിതത്തോണി തുഴഞ്ഞുതുഴഞ്ഞു തളർന്നപ്പോൾ" എന്നീ പാട്ടുകൾ ആളുകൾ ശ്രദ്ധിക്കുന്നവയാണ്.

പരസ്യയോഗത്തിൽ പ്രാർത്ഥന അനിവാര്യഘടകമാക്കേണ്ടതില്ല. സന്ദർഭോചിതമായി പ്രാർത്ഥിക്കുകയോ പ്രാർത്ഥിക്കാതെ പ്രസംഗിക്കുകയോ ചെയ്യാം. കുറഞ്ഞ സമയത്തിനുള്ളിൽ യേശുക്രിസ്തുവിനെക്കുറിച്ചും രക്ഷയെക്കുറിച്ചും പറയണം. മരണാനന്തരജീവിതത്തെക്കുറിച്ചും ലോകത്തിന്റെ അവസാനത്തെപ്പറ്റിയും പറയാം. പ്രാർത്ഥിക്കുകയാണെങ്കിൽ ഭരണകർത്താക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു തുടങ്ങാം. അവിടെയുള്ള വ്യാപാരികൾക്കും ഓട്ടോ, റ്റാക്സി ഡ്രൈവർമാർക്കുവേണ്ടിയും പ്രാർത്ഥിക്കാം. അത് അവർക്കൊരു സന്തോഷമായിരിക്കും.

ഏതു പ്രസ്ഥാനമാണ് ഇതു നടത്തുന്നതെന്നു സൂചിപ്പിക്കാമെന്നല്ലാതെ, "കോന്നിസെന്ററിന്റെ ചുമതല വഹിക്കുന്ന കർത്താവിന്റെ വിലയേറിയ ദാസൻ" എന്നതു പോലുള്ള പറച്ചിലുകൾ ഒഴിവാക്കുന്നതാണ് നല്ലത്. പരസ്യയോഗത്തിൽ പങ്കെടുക്കുന്നവർ കഴിവതും ഒരുമിച്ചുനിൽക്കണം. കുറച്ചുപേരുടെ കൈയിലെങ്കിലും ബൈബിൾ വേണം. യോഗ്യമായ വസ്ത്രം ധരിച്ചിരിക്കണം. പ്രസംഗിക്കുന്ന സമയത്ത് ലഘുലേഖ കൊടുക്കരുത്. എന്നാൽ, സ്ഥലം വിടുന്നവരാണെന്നു കണ്ടാൽ, അവർക്ക് ലഘുലേഖൾ കൊടുക്കാം. "വേണ്ട" എന്നു പറഞ്ഞാൽ നിർബന്ധിക്കേണ്ടതില്ല.

"നീ", "നിന്റെ" എന്ന് ശ്രോതാക്കളെ സംബോധന ചെയ്യരുത്. നമ്മളല്ലാതെ മറ്റാരും തന്നെ കേൾവിക്കാരെ അങ്ങനെ വിളിക്കാറില്ല. "ഞങ്ങളെ നീയെന്നു വിളിക്കാൻ നീയാരാ"യെന്ന് ഒരാൾ ചോദിച്ചതായി കേട്ടിട്ടുണ്ട്. ചിലരുടെ പ്രസംഗത്തിൽ അഹങ്കാരവും ധാർഷ്ട്യവും നിഴലിച്ചുനിൽക്കും. താഴ്മയോടെയും അധികാരത്തോടെയും (ഉറപ്പോടെയും) പ്രസംഗിക്കേണ്ടുന്നതാണ് സുവിശേഷം. കേൾവിക്കാർ രക്ഷിക്കപ്പെടണമെന്ന ഭാരത്തോടെ വേണം പ്രസംഗിക്കാൻ.

*(കടപ്പാട്: ക്രൈസ്തവചിന്ത)*

എന്റെ ഡയറിക്കുറിപ്പുകൾ

-എംവിഎസ്-

# ഓർമ്മകൾ

(ചിന്തകൾ പന്തങ്ങളാകുമ്പോൾ)

38

## തോം, തോം, തോം...
## (ഞാൻ നൃത്തം പഠിക്കാൻ പോയ കഥ)

**1979**

ഞാൻ നാലാംക്ലാസ്സിൽ പഠിക്കുന്ന കാലം. സ്കൂളിൽ ഡാൻസ് പഠിപ്പിക്കാൻ ഒരു മാഷിനെ നിയമിച്ചു.

ഡാൻസ് പഠിക്കാൻ ഞാനും ചേർന്നു. വെറ്റിലയും അടയ്ക്കയും മാഷിന്റെ കാൽക്കൽ ദക്ഷിണയായി വച്ച് അനുഗ്രഹം വാങ്ങി ഡാൻസ് പരിശീലനം തുടങ്ങി.

ആൺകുട്ടികളും പെൺകുട്ടികളുമായി കുറെ കുട്ടികളുണ്ട്. ഓരോ കുട്ടിയും ദക്ഷിണയായി കൊടുത്ത വെറ്റിലയും അടയ്ക്കയും ഉപയോഗിച്ച് മാഷ് മുറുക്കിത്തുപ്പി മടുത്തുണ്ടാകുമോ, ആവോ!

ഡാൻസ് പഠിക്കുന്ന സമയത്ത് സ്കൂളിലെ ക്ലാസ്സ് മുറികൾ തമ്മിൽ വേർതിരിച്ചിരുന്ന തട്ടികകൾ മാറ്റിയിടും. ഓടിക്കളിക്കാൻ ഇഷ്ടംപോലെ സ്ഥലം.

സ്കൂൾ വാർഷികത്തിന് ഡാൻസ് അവതരിപ്പിക്കണം. 14 പേരുള്ള ഗ്രൂപ്പ് ഡാൻസിന്റെ ടീമിലാണ് എന്നെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു വരിയിൽ ഏഴു പേർ വീതം, രണ്ടുവരിയായി സ്റ്റേജിൽ നിൽക്കണം.

എല്ലാ ദിവസവും പ്രാക്റ്റീസ് ഉണ്ടായിരുന്നു. മാഷ് ഒരു മരക്കഷണം കൊണ്ട് തട്ടി ശബ്ദമുണ്ടാക്കി, “താ തെയ് തിത്തെയ്” എന്നൊക്കെ പറയും. ഞങ്ങൾ അതനുസരിച്ച് ചുവടുകൾ വയ്ക്കും.

ഞാൻ ഇടയ്ക്കിടെ തെറ്റിക്കുന്നുണ്ടെന്നാണ് മാഷിന്റെ വിലയിരുത്തൽ. എനിക്ക് പക്ഷേ അങ്ങനെ തോന്നിയിരുന്നില്ല. കൂടെയുള്ള കുട്ടികളാണ് തെറ്റ് വരുത്തുന്നത് എന്നാണ് ഞാൻ എന്റെ അമ്മയോട് പറഞ്ഞത്.

“നല്ലോണം ശ്രദ്ധിച്ച് കളിച്ചണംട്ടോ” എന്നു അമ്മ വാത്സല്യത്തോടെ പറയും. തലയോടൊപ്പം ശരീരവും നല്ലോണം കുലുക്കിക്കൊണ്ട് ഞാൻ “ഊം” എന്നു പറയും.

സ്റ്റേജിൽ നിൽക്കേണ്ട ക്രമം മാഷ് പറഞ്ഞുതന്നു. ആദ്യത്തെ വരി

യിൽ ഏറ്റവും അവസാനമാണ് എന്റെ സ്ഥാനം. എനിക്ക് ഉയരം കൂടുതലുള്ളതുകൊണ്ടാകണം എന്നെ ഏറ്റവും പുറകിൽ കൊണ്ടുപോയി നിറുത്തുന്നത്. (അതോ എന്റെ 'നൃത്തപാടവം' കണ്ടിട്ടാണോ?)

സ്കൂൾവാർഷികം അടുത്തെത്തി.

പ്രസംഗപരമ്പരകൾ...

"ഞാനധികം ദീർഘിപ്പിക്കുന്നില്ല..." "എന്റെ ഓർമ്മ ശരിയാണെങ്കിൽ..."എന്നിങ്ങനെയുള്ള പതിവുപല്ലവികൾ അന്ന് പ്രസംഗിച്ചവരും പറഞ്ഞുകാണുമായിരിക്കും. എനിക്കോർമ്മയില്ല. ഞാൻ കുഞ്ഞുകുട്ടിയല്ലേ?

കലാപരിപാടികൾ...

ഞങ്ങളുടെ സംഘനൃത്തമായി. രണ്ടു വരികളിലായി ഞങ്ങൾ 14 പേർ നിന്നു.

ഡാൻസ് തുടങ്ങി.

എല്ലാവരും കൂടി ഒരുമിച്ച് അവരുടെ ഇടത്തെ കാൽ ഇടത്തോട്ടും പിന്നീട് വലത്തെ കാൽ വലത്തോട്ടും നീട്ടുന്ന ഒരു സ്റ്റെപ്പ് ഡാൻസിലുണ്ട്.

ഇവിടെയാണ് പ്രശ്നമുണ്ടായത്. എല്ലാവരും (13 പേരും) ഇടത്തെ കാൽ ഇടത്തോട്ട് നീട്ടിയപ്പോൾ ഞാൻ മാത്രം വലത്തെ കാൽ വലത്തോട്ടു നീട്ടി.

ഈ സ്റ്റെപ്പ് തുടർച്ചയായി നാലഞ്ചു തവണ ചെയ്യണം. തുടക്കത്തിൽതന്നെ എനിക്ക് തെറ്റിയതുകൊണ്ട് എനിക്കത് പിന്നെ കറക്റ്റ് ചെയ്യാനുമായില്ല. കുറച്ച് കുട്ടികൾ കൂവിയോ എന്നൊരു സംശയം.

ഡാൻസ് കഴിഞ്ഞ് ഞങ്ങൾ പുറത്തേക്കിറങ്ങി. ഫുട്ബോൾകളി കഴിഞ്ഞ് ഗ്രൗണ്ടിനു പുറത്തേക്കു വരുന്ന താരങ്ങളെ സ്വീകരിക്കാൻ കോച്ച് നിൽക്കുന്നതുപോലെ ഞങ്ങളുടെ മാഷ് ഞങ്ങളെ സ്വീകരിക്കാനായി അവിടെ നിൽപ്പുണ്ടായിരുന്നു.

ഓരോരുത്തരെയും നോക്കി അദ്ദേഹം പുഞ്ചിരിച്ചു. എന്നെ കണ്ടപ്പോൾ ആ മുഖത്തെ പുഞ്ചിരി മാഞ്ഞുപോയി.

ഞാൻ മാഷോട് എന്നെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞു. "എല്ലാവരും സ്റ്റെപ്പ് തെറ്റിച്ചു. ഞാൻ മാത്രം..."

മാഷ് എന്നെ അടിക്കാനോങ്ങിയതുകൊണ്ട് ഞാൻ വേഗം അവിടെ നിന്നും രക്ഷപ്പെട്ടു.

ചതി നിമിത്തം അങ്കക്കളരിയിൽ തോറ്റുപോയ ചേകവരെപ്പോലെ ഞാൻ വീട്ടിൽ വന്നു കയറി.

നിറുത്തി. അതോടുകൂടി നൃത്തം നിറുത്തി. പിന്നീട് ഞാൻ ഇന്നുവരെ നൃത്തം ചെയ്തിട്ടില്ല.

*ദൈവത്തിനു സ്തോത്രം.*

*ഒരു പക്ഷേ നൃത്തത്തിൽ ഞാൻ ശോഭിച്ചിരുന്നുവെങ്കിൽ എന്റെ ജീവിതം മറ്റൊരു രീതിയിൽ മാറിമാറിഞ്ഞേനേ എന്നു ഞാൻ ചിന്തിക്കാറുണ്ട്.*

*ഈ എട്ടുവയസ്സുകാരനെ ദൈവം മുമ്പെ കണ്ടിട്ടുള്ളതുകൊണ്ട്, പേർ ചൊല്ലി വിളിച്ചിട്ടുള്ളതുകൊണ്ട്, എന്നെക്കുറിച്ച് ദൈവത്തിനു ചില പദ്ധതികളുണ്ടായിരുന്നു.*

*അതിന്റെ ഭാഗമായിരുന്നു നൃത്തത്തിലെ പരാജയം എന്നു ഞാൻ മനസ്സിലാക്കുന്നു.*

*നൃത്താദ്ധ്യാപകൻ അന്ന് വഴക്കു പറഞ്ഞു. ക്ലാസ്ടീച്ചർ അന്ന് വഴക്കു പറഞ്ഞു. വീട്ടിൽ ചെന്നപ്പോൾ അവിടെനിന്നും കേട്ടു, വയറ് നിറച്ച്! അടുത്ത ദിവസങ്ങളിൽ മറ്റു കുട്ടികൾ ഞാൻ തെറ്റിച്ച സ്റ്റെപ്പ് കാണിച്ച് എന്നെ കളിയാക്കുമായിരുന്നു.*

*ആ എട്ടുവയസ്സുകാരന്റെ നൊമ്പരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇന്ന് എന്റെ അധരങ്ങളിൽ വിരിയുന്നത് ഒരു പുഞ്ചിരിയാണ്. ദൈവത്തിന് എന്നോടുള്ള ഇടപെടലിന്റെ മാധുര്യത്തെക്കുറിച്ച് ഓർക്കുമ്പോൾ താനേ വിരിയുന്നതാണ് ആ പുഞ്ചിരി.*

*ചില മേഖലകളിൽ നമുക്കുണ്ടാകുന്ന പരാജയം നമ്മെ വല്ലാതെ വിഷമിപ്പിക്കും. മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ ആ വിഷമത്തിന്റെ തീവ്രത കൂടുകയും ചെയ്യും. മറ്റു പതിമൂന്നു പേരും ചുവട് തെറ്റിച്ചില്ലല്ലോ. കളിയാക്കുന്നവരെ കാണുമ്പോഴും ആ വിഷമം കൂടുകയേയുള്ളൂ. 'സാരമില്ല' എന്നൊരു വാക്ക് ആരും പറഞ്ഞതായി ഓർമ്മയില്ല.*

*നാളുകൾ പിന്നിട്ടപ്പോഴും ഏതെങ്കിലും തരത്തിലുള്ള പരാജയങ്ങൾ പലയിടത്തും സംഭവിക്കാറുണ്ടായിരുന്നു. അപ്പോഴെല്ലാം, കളിയാക്കാനും പുച്ഛിക്കാനും നിയോഗിക്കപ്പെട്ടവർ, എനിക്കു ചുറ്റുമുണ്ടായിരുന്നു. പക്ഷേ ദൈവത്തിലുള്ള ശരണമാണ് നമ്മെ അതിനെയെല്ലാം നേരിടാൻ പ്രാപ്തരാക്കുന്നത്.*

*നമ്മുടെ പരാജയങ്ങളിൽ നമ്മെ കളിയാക്കുന്നവരോട് ധൈര്യത്തോടെ ചോദിക്കുക: "നിങ്ങൾ എപ്പോഴും ജയിക്കുന്നവനാണോ?" "നിങ്ങൾക്ക് ഒരിടത്തും തെറ്റ് പറ്റുകയില്ലേ?" ഒരുപക്ഷേ ഈ ചോദ്യങ്ങൾ അവനെ തട്ടിയുണർത്തിയേക്കാം. മറ്റുള്ളവരുടെ പരാജയങ്ങളിലും വിഷമങ്ങളിലും സന്തോഷിക്കുന്ന അനുഭവം ദൈവീകമല്ല, പൈശാചികമാണ്.*

എന്റെ ജീവിതത്തിലെ ഡാൻസ് അന്ന് തീർന്നതാണ്. ഞാൻ വിശ്വാസിയായത് സൺഡേസ്കൂളിൽ പഠിക്കാനുള്ള പ്രായം കഴിഞ്ഞിട്ടായതുകൊണ്ട് അവിടെയും ഡാൻസ് ചെയ്യേണ്ടിവന്നില്ല. കോളേജിലും മറ്റും സെലിബ്രേഷൻ ഉണ്ടാകുമ്പോൾ കുട്ടികൾ ഡാൻസ് കളിക്കുകയും അദ്ധ്യാപകരെ പിടിച്ചുവലിച്ചുകൊണ്ടുപോയി അവരെ കളിപ്പിക്കുകയും ചെയ്യുമെങ്കിലും അവിടെയും ഞാൻ ഒഴിവായി. നൃത്തം ചെയ്ത് ആരാധിക്കുന്ന വിശ്വാസിക്കൂട്ടത്തിൽ ഞാൻ പോകാത്തതുകൊണ്ട് അവിടെയും നൃത്തം ചെയ്യേണ്ടി വന്നില്ല.

സിനിമാറ്റിക് ഡാൻസും ക്ലാസ്സിക്കൽ ഡാൻസും ഹരമായി കൊണ്ടുനടന്ന് വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോയ ധാരാളം 'വിശ്വാസിക്കുട്ടികൾ' ഉണ്ട്. നൃത്തമേഘലയിലേക്ക് മക്കളെ തള്ളിവിടുമ്പോൾ വിശ്വാസികളായ മാതാപിതാക്കൾ വളരെ ശ്രദ്ധിക്കണം. അവരുടെ ആത്മികജീവിതത്തിന് നൃത്തം പാരയാകരുത്. അത് ഉറപ്പുവരുത്തേണ്ടത് മാതാപിതാക്കളാണ്.

# തട്ടും തലോടലും

-എംവിഎസ്-

2

**തിരുവനന്തപുരത്ത് ഗവർണർക്കെതിരെ കരിങ്കൊടി കാണിച്ച കോളേജ്കുമാരന്മാർക്ക് ജാമ്യം അനുവദിക്കുന്നതിന് കോടതി പറഞ്ഞ വ്യവസ്ഥകൾ നോക്കുക: ക്ലാസ്സിൽ കയറണം, മാതാപിതാക്കളെ അനുസരിക്കണം** (പത്രവാർത്ത)

എത്ര മനോഹരമായ നടക്കാത്ത സ്വപ്നം! ക്ലാസ്സിൽ കയറാതെ കറങ്ങിനടന്ന് അദ്ധ്യാപകരെ വെല്ലുവിളിച്ചും ഭീഷണിപ്പെടുത്തിയും നടക്കുന്ന കുട്ടിഗുണ്ടകൾ കോടതിയുടെ ഉപദേശം കേട്ട് നന്നായാൽ അവർക്കും നാടിനും എത്ര നന്നായിരിന്നു!

**തിരുവെഴുത്ത്:** "ഭോഷന് തന്റെ വഴി ചൊവ്വായി തോന്നുന്നു. ജ്ഞാനിയോ ആലോചന കേട്ടനുസരിക്കുന്നു" (സദൃശവാക്യങ്ങൾ 12:15)

ooooooooooooooooo

**സ്റ്റാംപിനു പോലും പണമില്ല. വകുപ്പുകളിൽ കത്തുകൾ കെട്ടിക്കിടക്കുന്നു. പകരം സീൽ പതിപ്പിക്കാനുള്ള മെഷീനും ചാർജ് ചെയ്യാത്തതിനാൽ പണിമുടക്കി.** (2024 ജനുവരി 13 ലെ പത്രവാർത്ത)

അതിനു പണമില്ല, ഇതിനു പണമില്ല... ഈ വിലാപം കേട്ടുതുടങ്ങിയിട്ട് എത്ര നാളായെന്നോ! നമ്മുടെ നാട്ടിൽ എന്തൊക്കെ കാര്യങ്ങൾക്ക് പണമില്ല എന്നും എന്തൊക്കെ കാര്യങ്ങൾക്ക് പണമുണ്ടെന്നും ഉള്ള ഒരു ലിസ്റ്റ് തയ്യാറാക്കിയാൽ നന്നായിരുന്നു. ലക്ഷങ്ങളും കോടികളും ചെലവിട്ട് ഇവിടെ പല കാര്യങ്ങളും ചെയ്യുന്നതായി നാം കാണുന്നില്ലേ? എന്നിട്ടാണ് സ്റ്റാമ്പിനുപോലും പണമില്ലെന്നു പറയുന്നത്? പണമില്ലെങ്കിൽ പണം ഉണ്ടാക്കണം. എങ്ങനെ? ഞാൻ സൂത്രം പറഞ്ഞുതരാം. പെട്രോളിന്മേൽ ഒരു ലിറ്ററിന് ഇരുപത് രൂപ സെസ്സ് ചുമത്തുക. ഉപ്പു തൊട്ട് കർപ്പൂരം വരെയുള്ള സകല സാധനങ്ങളുടെയും നികുതി വർദ്ധിപ്പിക്കുക. സ്കൂളിൽ പഠിക്കുന്ന ഓരോ കുട്ടിയുടെയും കയ്യിൽനിന്ന് എല്ലാ മാസവും 10 രൂപ വാങ്ങുക. 10 രൂപയല്ലേ? നിസ്സാരം. ചിലപ്പോൾ വിവരമില്ലാത്ത ആരെങ്കിലും ഒന്നു കുരച്ചെന്നു വരും. കോഴി കോട്ടുവാ ഇടുന്നതാണെന്നു കണക്കാക്കിയാൽ മതി)

**തിരുവെഴുത്ത്:** "രാജാവ് ന്യായപാലനത്താൽ രാജ്യത്തെ നിലനിർത്തുന്നു. നികുതി വർദ്ധിപ്പിക്കുന്നവനോ അതിനെ നശിപ്പിക്കുന്നു" (സദൃശവാക്യങ്ങൾ 29:4)

**അയോദ്ധ്യയിൽ പ്രാണപ്രതിഷ്ഠ നടത്തി. പ്രതിഷ്ഠയ്ക്ക് (വിഗ്രഹത്തിന്) പ്രാണൻ (ജീവൻ) കൊടുക്കുന്ന ചടങ്ങാണ് പ്രാണപ്രതിഷ്ഠ. അതായത്, പ്രാണപ്രതിഷ്ഠ നടത്തുന്നതുവരെ അത് വെറും കല്ലിൽ കൊത്തിയ വിഗ്രഹം മാത്രമാണ്. പ്രാണപ്രതിഷ്ഠ നടത്തുന്നതോടെ അത് ചൈതന്യമുള്ള ബിംബമാകുന്നു.**

വിഗ്രഹമുണ്ടാക്കിയത് മനുഷ്യൻ; അതിന് പ്രാണൻ കൊടുത്തതും മനുഷ്യൻ. അങ്ങനെ മനുഷ്യന്റെ കാരുണ്യത്താൽ ഉണ്ടായ ആ വിഗ്രഹം ഇനി മുതൽ അതിനെ ഉണ്ടാക്കിയ മനുഷ്യന്റെ ദൈവമാണ്! സ്വാമി ദയാനന്ദ സരസ്വതി, രാജാറാം മോഹൻറായ് തുടങ്ങി അനേകം ആളുകൾ ഈ ചിന്താഗതിക്ക് എതിരായി സംസാരിച്ചിട്ടുണ്ട്. വിഗ്രഹാരാധനയെ അതിശക്തമായി എതിർത്തിട്ടുള്ള പുസ്തകമാണ് ബൈബിൾ. പക്ഷേ ക്രിസ്ത്യാനികൾ എന്ന പേരിലറിയപ്പെടുന്നവരിലും ചിലർ വിഗ്രഹാരാധന നടത്തുന്നു!

**തിരുവെഴുത്ത്:** “മിഥ്യാബിംബങ്ങളെ ഭജിക്കുന്നവർ തങ്ങളോട് ദയാലുവായവനെ ഉപേക്ഷിക്കുന്നു” (യോനാ 2:8)

oooooooooooooooo

**മണിപ്പൂരിനുവേണ്ടി പ്രാർത്ഥിക്കുന്നു: നരേന്ദ്രമോദി** (പത്രവാർത്ത)

ഹാവൂ! മണിപ്പൂരിലെ ജനങ്ങൾ മെയ്മാസം മുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളെല്ലാം ഇതോടുകൂടി അവസാനിക്കുമെന്നു കരുതാം. പക്ഷേ പ്രശ്നമുണ്ടായ അന്നുമുതൽ ഇന്നു വരെ മണിപ്പൂർ സന്ദർശിക്കാൻ അദ്ദേഹം മനസ്സുവച്ചില്ല എന്നതുകൊണ്ട്, അദ്ദേഹത്തിന്റെ മണിപ്പൂരിനുവേണ്ടിയുള്ള പ്രാർത്ഥനയുടെ ആത്മാർത്ഥത സംശയിക്കേണ്ടിയിരിക്കുന്നു.

**തിരുവെഴുത്ത്:** “കുഞ്ഞുങ്ങളേ നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക” (1 യോഹ. 3:18)

oooooooooooooooo

**മനുഷ്യന്റെ ആർത്തിയാണ് അഴിമതികളിലേക്ക് നയിക്കുന്നത്: പിണറായി വിജയൻ** (പത്രവാർത്ത)

ഇത് പിണറായി വിജയൻജി സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതായിരിക്കും എന്നു പറഞ്ഞ് കളിയാക്കാതെ, ഗൗരവത്തോടെ ചിന്തിക്കുക. പാർട്ടിക്കാർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെല്ലാം ചിന്തിക്കുക. ആർത്തി അവസാനിപ്പിക്കുക. അഴിമതി അവസാനിപ്പിക്കുക.

**തിരുവെഴുത്ത്:** “ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ” (1 തിമൊഥെയൊസ് 6:10)

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th February 2024

Posted at
Thrissur RMS

**ആനുകാലികം**

## ദത്തുപുത്രിയെ വേണ്ട!

വലിയ പ്രതീക്ഷയോടെയാണ് തിരുവനന്തപുരം സ്വദേശികളായ ദമ്പതികൾ 2018 ൽ ലുധിയാനയിൽനിന്ന് ഒരു 12 വയസ്സുകാരിയെ ദത്തെടുത്തത്. 2017 ൽ അവരുടെ മകൻ ഒരു കാറപകടത്തിൽ മരിച്ചുപോയിരുന്നു. ജീവിതത്തിലെ ഏകാന്തതയും ദുഃഖവും അകറ്റാനായിട്ടാണ് അവർ ആ പെൺകുട്ടിയെ ദത്തെടുത്തത്. പക്ഷേ നാലു വർഷങ്ങൾക്കുശേഷം, ദത്തുപുത്രിയുമായി ഒത്തുപോകാൻ കഴിയുന്നില്ലെന്നും ദത്തെടുത്തത് റദ്ദാക്കണമെന്നും കാണിച്ച് അവർ ഹർജി നൽകി.

ആ പെൺകുട്ടിക്ക് തങ്ങളെ മാതാപിതാക്കളായി അംഗീകരിക്കാൻ കഴിയുന്നില്ലെന്നും, അവൾ പറയുന്നതെല്ലാം അവൾക്ക് ചെയ്തുകൊടുത്തിട്ടും അവൾ വിവരിക്കാനാവാത്ത വിധമുള്ള ദേഷ്യമാണ് പലപ്പോഴും പ്രകടിപ്പിക്കുന്നതെന്നും അവർ ഹർജിയിൽ ബോധ്യപ്പെടുത്തി. മാത്രമല്ല അവൾ തങ്ങളുടെ അടുത്തുനിന്നും മാറി സ്ത്രീകൾക്കുള്ള അഭയകേന്ദ്രമായ സ്വധാറിൽ (Swadhar Home in Thiruvananthapuram) ആണ് താമസിക്കുന്നതെന്നും അവർ വ്യക്തമാക്കി.

പക്ഷേ പെൺകുട്ടി കോടതിയിൽ പറഞ്ഞത് ഇപ്രകാരമാണ്: എന്നെ ദത്തെടുത്ത രക്ഷിതാക്കൾക്ക് എന്റെ കൂടെ താമസിക്കാൻ താത്പര്യമില്ല. അതുകൊണ്ടാണ് ഞാൻ സ്വധാർ ഹോമിലേക്ക് മാറിയത്.

ഏതായാലും ആ പെൺകുട്ടിയെ കോടതിയുടെ നിർദ്ദേശപ്രകാരം സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ശ്രീചിത്ര ഹോമിലാക്കി. പോളിടെക്നിക് പഠിക്കാനായി ചേർക്കുകയും ചെയ്തു. (2024 ജനുവരി 13 ലെ വാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V